LIBRARY ARCHIVES Kerala Legislative Assembly

വികസന ഫണ്ട് ഉപയോഗിച്ച് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കൽ

59(64) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ-മാരുടെ വികസന ഫണ്ടിൽനിന്നും പണം കണ്ടെത്തി എല്ലാ സി.എച്ച്.സി., താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും പകർച്ച വ്യാധികൾക്കായി 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിക്കായി ഓരോ ആരോഗ്യ സ്ഥാപനത്തിനും എത്ര രൂപ വീതമാണ് അനുവദിക്കുക: ഏത് ഏജൻസി മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുകയെന്ന് അറിയിക്കാമോ;

&

(സി) കോവിഡ് മൂന്നാം തരംഗത്തെ നേരിടാൻ തയ്യാറെടുക്കുന്ന സാഹചര്യം മുൻനിർത്തി ഈ പദ്ധതി അടിയന്തരമായി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) 2021 ജൂൺ 4-ാം തീയതി അവതരിപ്പിച്ച 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 21-ൽ പ്രഖ്യാപിച്ചിരുന്ന, എം.എൽ.എ-മാരുടെ വികസന ഫണ്ടിൽനിന്നും പണം കണ്ടെത്തി എല്ലാ സി.എ.ച്ച്സി., താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും പകർച്ചവ്യാധികൾക്കായി 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എന്ന പദ്ധതിയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ

60(65) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ ശിപാർശ നൽകിയ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി ലഭിക്കാത്തത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?